**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ പി ., ശ്രീ. മുല്ലക്കര രത്നാകരൻ , ശ്രീ. കെ. രാജൻ, ശ്രീമതി ഗീതാ ഗോപി** | | **Shri P. Thilothaman (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും പ്രതിസന്ധിയും പരിഹരിക്കുന്നതിന് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോവിഡ് – 19 മായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ് 19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പൊതു വിപണിയിൽ ഗണ്യമായ പരിശോധനകൾ നടത്തുകയും അതുവഴി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാനും സാധിച്ചു. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. അതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ നല്കുകയും കോവിഡ് 19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് അവശ്യ സാധനങ്ങൾ അടങ്ങിയ അതിജീവനകിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണവും നടത്തി. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം മുൻഗണനാ കാർഡുടമകൾക്കും ആത്മ നിർഭർ ഭാരത് പ്രകാരം അതിഥി തൊഴിലാളികൾക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവാൻ സാധിച്ചു. ലോക് ഡൗൺ |

| | | | |
|---|---|---|---|
| | | | കാലത്ത് അവശ്യ സാധനങ്ങൾ തടസ്സം കൂടാതെ എത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ എർപ്പെടുത്തിയിരുന്നു. 2020 സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യസാധനങ്ങൾ അടങ്ങിയ സ്പെഷ്യൽ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം തുറന്നു പ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ആഫീസുകളും NFSA ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്നു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭക്ഷ്യകിറ്റ് വിതരണം എന്നുമുതൽ തുടങ്ങിയെന്നും ആയത് ജനങ്ങൾക്ക് എത്രത്തോളം ആശ്വാസം പകർന്നെന്നും വ്യക്തമാക്കുമോ; | (ബി) | രാജ്യത്ത് കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ലോക്ക്ഡൗൺ നിലവിലുണ്ടായിരുന്ന ഏപ്രിൽ - മെയ് മാസങ്ങളിൽ അതിജീവന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 17 ഇനം അവശ്യ സാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റ് നൽകിയാണ് കോവിഡ് സമാശ്വാസ കിറ്റ് വിതരണത്തിന് തുടക്കം കുറിച്ചത്. കോവിഡിനോടനുബന്ധിച്ച് എല്ലാവിധ തൊഴിൽ മേഖലകളും സ്തംഭിക്കുകയും ജനം വറുതിയുടെ ഭീഷണിയിലാവുകയും ചെയ്ത കാലത്താണ് കരുതൽ നടപടികളുടെ ഭാഗമായി സൗജന്യ കിറ്റ് വിതരണ പദ്ധതി ആരംഭിച്ചത്. ഈ നടപടി ജനങ്ങൾക്ക് വളരെയധികം ആശ്വാസം പകരുകയും ചെയ്തു. |
| (സി) | സർക്കാരിന്റെ നിലവിലെ മോശപ്പെട്ട സാമ്പത്തിക അവസ്ഥയിലും ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിനാണോ ഭക്ഷ്യകിറ്റ് നൽകിയതെന്നറിയിക്കുമോ; | (സി) | അതെ. കൊവിഡ് -19 വ്യാപനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായിട്ടാണ് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും അവശ്യ സാധനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് നല്കി വരുന്നത്. |
| (ഡി) | ഭക്ഷ്യകിറ്റ് വിതരണത്തിലൂടെ സർക്കാരിനുണ്ടായ സാമ്പത്തികബാധ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ലോക്ക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ ആകെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഇ) | ഭക്ഷ്യകിറ്റ് വിതരണം എന്നുവരെ തുടരുമെന്നറിയിക്കുമോ? | (ഇ) | 2021 ഏപ്രിൽ മാസം വരെ ഭക്ഷ്യ കിറ്റ് വിതരണം തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ